(എച്ച്) ജില്ലാ ഓഫീസർമാരും മേഖലാ ഓഫീസർമാരും ഉപയോഗിക്കുന്ന എസ്.ടി.ഡി. ടെലിഫോൺ പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഐ) സർക്കാർ പരിപാടികളിൽ പരമാവധി ചെലവ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഉദ്യോഗസ്ഥൻമാരുടെയും പൊതുമേഖലാ സ്ഥാപനങ്ങളിലെ മോധാവികളുടെയും വിദേശയാത്രയ്ക്ക് ഇപ്പോൾത്തന്നെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാരുടെ വിദേശയാത്രകൾക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിന് ഇപ്പോൾത്തന്നെ വ്യക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്നുറപ്പുവരുത്താൻ മിന്നൽപരിശോധന നടത്തുവാൻ അതാത് വകുപ്പുകളിലെ വിജിലൻസ് ഓഫീസർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) വാഹനം വാങ്ങുന്നതിനുവേണ്ടി രൂപീകരിച്ചിരിക്കുന്ന കമ്മിറ്റിയുടെ ശുപാർശപ്രകാരം മാത്രമേ പുതിയ സർക്കാർ വാഹനങ്ങൾ വാങ്ങുവാൻ അനുവദിക്കാറുള്ളൂ. ഏറ്റവും പുതിയ വ്യയനിയന്ത്രിത ഉത്തരവുകൾ പ്രകാരം പുതിയ വാഹനങ്ങൾ വാങ്ങുന്നത് നിരോധിക്കുകയും കമ്മിറ്റിയുടെ പ്രവർത്തനം മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) 1.2.1988 ലെ സർക്കാർ ഉത്തരവ് നം (പി) 72/88/ധന., 7.7.1994 ലെ സർക്കാർ ഉത്തരവ് നം.(ലി) 421/94/ധന.എന്നിവ പ്രകാരം പുതിയ ടെലിഫോൺ അനുവദിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ജി) വകുപ്പു മേധാവികളല്ലാത്ത ചില ഉന്നത പദവിയിലുള്ള ഉദ്യോഗസ്ഥൻമാർക്ക് അവരുടെ ഭരണപരമായ ആവശ്യം കണക്കിലെടുത്ത് ഓഫീസിലും വീട്ടിലും എസ്.ടി.ഡി. സൗകര്യം നൽകേണ്ടതായ സാഹചര്യം ഉണ്ടാകാറുള്ളതുകൊണ്ട് പ്രസ്തുത നിർദ്ദേശം പ്രായോഗികമല്ല.

(എച്ച്) വിശദമായി പരിശോധിക്കുന്നതാണ്.

(ഐ) ഇപ്പോൾത്തന്നെ ചെലവുകൾ നിയന്ത്രിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമെന്ന് തോന്നുന്നപക്ഷം കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

9 (1691) വിദേശപര്യടനം കഴിയുമ്പോൾ നൽകുന്ന പഠനക്കുറിപ്പുകൾ

ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിമാരും വകുപ്പുമേധാവികളും പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടെ തലവൻമാരും വിദേശപര്യടനം നടത്തിയതിനു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം തിരിച്ചെത്തുമ്പോൾ ഗവൺമെന്റിന് പഠനക്കുറിപ്പുകൾ നൽകേണ്ട തുണ്ടോ; എങ്കിൽ അപ്രകാരം കുറിപ്പ് നൽകിയിട്ടുണ്ടോ;

(ബി) അവർ സംസ്ഥാനത്തിന് പുറത്തുപോയിവരുമ്പോൾ അവർ നിർവ്വഹിച്ച പബ്ലിക് പർപ്പസ് എന്തായിരുന്നുവെന്ന് ഗവൺമെന്റിനെ അറിയിക്കാറുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി)മന്ത്രിമാർ പഠനക്കുറിപ്പുകൾ നൽകേണ്ടതില്ല. എന്നാൽ വകുപ്പ് മേധാവികളും, പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടെ തലവൻമാരും വിദേശപര്യടനത്തിനുശേഷം ഒരു മാസത്തിനുള്ളിൽ വിശദമായ ടൂർ റിപ്പോർട്ടും തുടർന്ന് മൂന്നുമാസങ്ങൾക്കുള്ളിൽ തുടർനടപടികളെക്കുറിച്ചും യാത്രമൂലമുണ്ടായിട്ടുള്ള നേട്ടങ്ങളെക്കുറിച്ചും ഓഫീസ് മേലധികാരിക്ക് റിപ്പോർട്ടും പകർപ്പ് ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിക്കും സമർപ്പിക്കേണ്ടതുമാണ്. ഗവൺമെന്റ് സെക്രട്ടറിമാരാണ് യാത്രചെയ്തതെങ്കിൽ മേപ്പടി റിപ്പോർട്ടുകൾ ചീഫ് സെക്രട്ടറി മുഖാന്തിരം ബന്ധപ്പെട്ട മന്ത്രിക്ക് സമർപ്പിക്കേണ്ടതുമുണ്ട്.

10 (1602) സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്ന പദ്ധതി

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിലും മറ്റും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ സർക്കാർ ഏതെങ്കിലും സ്വകാര്യ കമ്പനികളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കരാറുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) മറ്റ് ഏതെങ്കിലും കമ്പനിയുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) 1998 ൽ ഐ.ടി. നയം പ്രഖ്യാപിക്കുകയും അതിൽ വിഭാവനം ചെയ്തിരുന്ന പദ്ധതികൾ സംയോജിതമായി നടപ്പാക്കുവാൻ തുടങ്ങുന്നതിനുമുൻപ് തന്നെ വിവിധ വകുപ്പുകൾ/ഏജൻസികൾ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കമ്പ്യൂട്ടറൈസേഷൻ നടപടികൾ ആരംഭിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത പരിപാടികൾ ഏകോപിപ്പിച്ച് നയപരിപാടിക്കനുസൃതമായി നടപ്പിലാക്കാൻ തുടങ്ങിയത് ഐ.ടി. നയം പ്രഖ്യാപിക്കുകയും തുടർന്ന് ഇതിനായി ഒരു ഐ.റ്റി. വകുപ്പ് നിലവിൽ വന്നതോടെയാണ്. ഐ.ടി. നയം പ്രഖ്യാപിക്കുന്നതിനുമുൻപ് വിവിധ വകുപ്പുകൾ കമ്പ്യൂട്ടർവൽക്കരണത്തിന് കൈക്കൊണ്ട നടപടികളുടെ വിവരങ്ങൾ സമാഹരിച്ച് പരിശോധിച്ചുവരുന്നു. സർക്കാർ വകുപ്പുകളുടെ കമ്പ്യൂട്ടർവർക്കരണത്തിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ സി.എം.സി, ഇ.സി.ഐ.എൽ, സി.ഡാക്ക്, ഇ.ടി&ടി എന്നിവയെ ടോട്ടൽ സൊലൂഷൻ പ്രൊവൈഡേഴ്സ് ആയി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് ഐ.ടി. അധിഷ്ഠിത വ്യവസായ അടിത്തറ പുഷ്ടിപ്പെടുത്തുക എന്നത് ഐ.ടി നയത്തിൽ വിഭാവനം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly